(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദമാക്കുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതിയുടെ നിർമ്മാണ സമയത്ത് ഉണ്ടാകുന്ന സാങ്കേതികവും പ്രാദേശികവുമായ തടസ്സങ്ങൾ ഔദ്യോഗിക തലത്തിലും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിലും ചർച്ച ചെയ്ത് തടസ്സങ്ങൾ നീക്കി പണികൾ നടപ്പാക്കിവരുന്നു. ഇതിനുപുറമേ അവലോകന യോഗങ്ങൾ നടത്തിയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കേരള വാട്ടർ അതോറിറ്റി ശ്രദ്ധിക്കുന്നു.

(ബി) സമയബന്ധിതമായി പദ്ധതി പൂർത്തീകരിച്ച് ശുദ്ധമായ കുടിവെള്ളം കൂടുതൽ ജനങ്ങളിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

പുഴയ്ക്ക് ഇരുവശങ്ങളിലും സംരക്ഷണഭിത്തി

183(884) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പെരുമ്പുഴ, പെരിങ്ങോം-വയക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കാര്യാങ്കോട് പുഴയ്ക്ക് ഇരുവശങ്ങളിലും സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ പെരുമ്പുഴ, പെരിങ്ങോം-വയക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കാര്യാങ്കോട് പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കാൻ നിലവിൽ പദ്ധതികളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല.

ശുദ്ധജല വിതരണം

184(885) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുള്ള വെളിയങ്കോട് പോക്കം ബ്രിഡ്ജ് നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാണോ; എത്ര കോടിരൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; പദ്ധതി എന്ന് തുടങ്ങാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊന്നാനി മണ്ഡലത്തിലെ കുറ്റിപ്പുറം കനോലി കനാലിന് കുറുകെയുള്ള വെളിയങ്കോട് വില്ലേജ് കം ബ്രിഡ്ജ് പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായുള്ള നിർദ്ദേശം RIDF-XX-ൽ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിരുന്നില്ല. ആയതിനാൽ മേൽ പ്രവൃത്തി RIDF-XXI-ൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പരിഗണിച്ചെങ്കിലും ഫണ്ടിന്റെ അഭാവംമൂലം RIDF-XXI-ൽ ഉൾപ്പെടുത്തേണ്ട പദ്ധതികളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) 21 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ചെനക്കൽകണ്ടി മിനി കുടിവെള്ള പദ്ധതി

185(886) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ പഞ്ചായത്തിൽ ചെനക്കൽകണ്ടി മിനി കുടിവെള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ടോ എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly